നമ്പർ. ജി4/12853 /റ്റി സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
കേരള തിരുവനന്തപുരം
തീയതി 07.07.2011.

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്.

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്- ഡ്രൈവിംഗ് ടെസ്റ്റ്, വെഹിക്കിൾ ടെസ്റ്റ് മുതലായവ നടത്തുന്ന സന്ദർഭങ്ങളിൽ അസ്സിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ പെരുമാറ്റത്തെ - സംബന്ധിച്ച്

സൂചന:- നമ്പർ ജി4/12433/റ്റി സി/2009 തീയതി 18.01.2011.

ഗതാഗത വകുപ്പിലെ അസ്സിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ എന്നിവരിൽ ചിലർ ഡ്രൈവിംഗ് ടെസ്റ്റ്, വെഹിക്കിൾ ടെസ്റ്റ് മുതലായവ നടത്തുന്ന സന്ദർഭങ്ങളിൽ വളരെ മോശം പദങ്ങൾ ഉപയോഗിച്ച് അവിടെ വരുന്നവരോട് സംസാരിക്കുന്നതായും പ്രായത്തെ പോലും ബഹുമാനിക്കാതെ “എടാ” “പോടാ” എന്നീ സംബോധനകൾ നടത്തുന്നതായും ചില പരാതികൾ ഉണ്ട്. ഗതാഗത വകുപ്പിന്റെ നല്ല പേരിന് തികച്ചും ഹാനികരമായ ഇത്തരം പെരുമാറ്റം വകുപ്പിലെ ഒരു ഓഫീസറിൽ നിന്നും ഉണ്ടാകാൻ പാടില്ലാത്തതാണ്. ഫീൽഡിൽ കൂടുതൽ സമയം ജോലി ചെയ്യുന്ന അസ്സിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ തുടങ്ങിയവർ ഇക്കാര്യത്തിൽ വളരെ ശ്രദ്ധയോടെ പെരുമാറി പൊതുജനത്തിന്റെ ആദരവ് പിടിച്ചുപറ്റുകയും ആത്മാർത്ഥതയോടെ സേവന തല്പരത കാണിക്കേണ്ടതുമാണ്. പല അസ്സിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ നൽകുന്ന നിർദ്ദേശങ്ങൾ പോലും പാലിക്കാതെ നിയന്ത്രണാതീതമായി പ്രവർത്തിക്കുന്നതായും പരാതി ഉണ്ട്. ഇത്തരം സന്ദർഭങ്ങളിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ഉടൻ തന്നെ

ട്രാൻസ്പോർട്ട് കമ്മീഷണറുടെ പേരു വച്ച കവറിൽ പ്രസ്തുത സംഭവത്തെപ്പറ്റി റിപ്പോർട്ട് നൽകേണ്ടതാണ്.

മോട്ടോർ വാഹനവകുപ്പിലെ ഉദ്യോഗസ്ഥർ അപമര്യാദയായും തികച്ചും മ്ലേഛമായ രീതിയിലും പെരുമാറുന്നതായി പരാതി ഉണ്ടായാൽ അത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവരുടെ വ്യക്തിപരമായ പരാജയം കൂടിയായി കണക്കാക്കപ്പെടും. ഈ കത്ത് അസ്സിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും വായിക്കേണ്ടതും, വായിച്ചത് രേഖപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ രേഖപ്പെടുത്തിയ രസീതോടെ ഒരാഴ്ചക്കകം തിരികെ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അസ്സിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ പേരിൽ അയച്ച തരേണ്ടതാണ്.

വിശ്വസ്തതയോടെ

ട്രാൻസ്പോർട്ട് കമ്മീഷണർ.

പകർപ്പ്:- എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,

സി.എ. റ്റു. ട്രാൻസ്പോർട്ട് കമ്മീഷണർ/ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &സെക്രട്ടറി,എസ്.റ്റി.എ/സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ). സീനിയർ അഡ്മിനിസ്ട്രേറ്റീവ്ഓഫീസർ/ സീനിയർ ഫിനാൻസ് ഓഫീസർ സീനിയർ ലാ ഓഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/ അസി. ട്രാൻസ്പോർട്ട് കമ്മീഷണർ/ അസി. സെക്രട്ടറി, എസ്. റ്റി. എ.